പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4930 | 27.06.2014 ൽ മറുപടിയ്ക്ക്

## ഗ്രാമസഭാംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള 'കില'യുടെ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. എ. മാധവൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) 'കില'യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) പ്രാദേശിക ഭരണം ശക്തിപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകുകയാണ് മുഖ്യ ഉദ്ദേശ്യം. ഇവ കൂടാതെ പരിശീലനത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി ഗവേഷണം, പഠനം, കോഴ്സുകൾ എന്നിവയും നടത്തി വരുന്നു. അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച്, ദേശീയ — അന്തർ ദേശീയ ശില്പശാലകൾ, കോൺഫറൻസുകൾ ഉൾപ്പെടെയുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തുക എന്നതും കിലയുടെ പ്രവർത്തന ലക്ഷ്യമാണ്. |
| ബി) ഗ്രാമസഭാംഗങ്ങൾക്ക് അവരുടെ ഉത്തരവാദിത്വങ്ങളെപ്പറ്റി പരിശീലനം നൽകുന്നതിന് 'കില' പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | ബി) ഉണ്ട്. ഗ്രാമസഭാംഗങ്ങൾക്ക് അവരുടെ ഉത്തരവാദിത്വങ്ങളെ പറ്റി പരിശീലനം നൽകുന്നതിന് വളരെ വിപുലമായ പദ്ധതികൾ കില തയ്യാറാക്കി നടപ്പിലാക്കി വരുന്നു. അതിനാവശ്യമായ കൈപ്പുസ്തകങ്ങൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയായി എല്ലാ വാർഡുകളിലും പരിശീലന പരിപാടി സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനവും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | സി) ഗ്രാമസഭാംഗങ്ങൾക്ക് ഗ്രാമസഭയുടെ അവകാശങ്ങളും ചുമതലകളും മനസ്സിലാക്കിക്കൊടുക്കുക, തദ്ദേശ സ്വയം ഭരണത്തിൽ ജനങ്ങളുടെ പങ്കാളിത്തത്തിന്റെ പ്രാധാന്യത്തെകുറിച്ചും അധികാര വികേന്ദ്രീകരണത്തിലൂടെ ജനങ്ങൾക്ക് കിട്ടിയ അവകാശത്തെകുറിച്ചും ബോധ്യപ്പെടുത്തുക എന്നതായിരുന്നു അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| ഡി) പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | ഡി) ഗ്രാമസഭാ പരിശീലന പരിപാടികൾക്കായി ആവശ്യമായ കൈപ്പുസ്തകങ്ങൾ തയ്യാറാക്കുകയും പരിശീലനം നടത്തുന്നതിനായി 890 സംസ്ഥാനതല മാസ്റ്റർ ട്രെയിനർമാരെയും 10256 ബ്ലോക്ക്തല പരിശീലകരെയും, 102550 (ഒരു ലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ്റി അമ്പത്) പഞ്ചായത്ത് തല ഫെസിലിറ്റർമാരെയും പരിശീലിപ്പിച്ച് ഇവരുടെ സഹായത്തോടുകൂടി സംസ്ഥാനത്തുടനീളം 2052256 (ഇരുപത് ലക്ഷത്തി അൻപത്തി രണ്ടായിരത്തി ഇരുനൂറ്റി അമ്പത്തി ആറ്) ഗ്രാമസഭാ അംഗങ്ങൾക്ക് കില പരിശീലനം നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ